# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .5855 — 09.07.2012 ന് മറുപടിയ്ക്ക്

### ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ അനന്തര നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ; അപേക്ഷ സമർപ്പിച്ച് എത്ര സമയത്തിനുള്ളിലാണ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത്; | (എ) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചാൽ, മരണ സർട്ടിഫിക്കറ്റ്, വില്ലേജാഫീസറുടെ റിപ്പോർട്ട്, പരേതന്റെ/പരേതയുടെ അവകാശികളുടെയും, രണ്ട് അയൽ സാക്ഷികളുടെയും മൊഴി എന്നിവയുടെ അടിസ്ഥാനത്തിൽ തഹസിൽദാർ, നോട്ടിഫിക്കേഷൻ തയ്യാറാക്കി ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്രസ്സിലേക്ക് അയയ്ക്കുന്നു. ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനു ശേഷം പരാതികളോ, ആക്ഷേപങ്ങളോ ഇല്ലെങ്കിൽ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. എന്നാൽ ആക്ഷേപങ്ങളോ, പരാതികളോ കിട്ടിയിട്ടുണ്ടെങ്കിൽ ആയവ തഹസീൽദാർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് അനുവദിച്ചോ നിരസിച്ചോ ഉത്തരവാകുന്നതുമാണ്. |
| (ബി) കാസർഗോഡ് താലൂക്ക് ഓഫീസിൽ ഇപ്പോൾ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിനായുള്ള എത്ര അപേക്ഷകൾ നടപടി പൂർത്തീകരിക്കാതെ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 413 അപേക്ഷകൾ. ഇതിൽ ഗസറ്റ് പരസ്യത്തിന് അയച്ചതും ഗസറ്റ് പരസ്യം വന്നതിനു ശേഷം സർട്ടിഫിക്കറ്റ് അനുവദിക്കാനുള്ളതും വിശദമായ റിപ്പോർട്ട് ശേഖരിച്ച് ഗസറ്റ് പരസ്യത്തിന് അയയ്ക്കാനുള്ളതും ഉൾപ്പെടും. |
| (സി) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിനായി ഒരാളുടെ അപേക്ഷ കിട്ടിക്കഴിഞ്ഞാൽ ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനായി താലൂക്ക് ഓഫീസിൽ നിന്നും എത്ര ദിവസത്തിനകം തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ചുകൊടുക്കാറുണ്ട്; | (സി) വില്ലേജാഫീസറുടെ റിപ്പോർട്ട് ലഭിച്ച് മൂന്ന് ആഴ്ചയ്ക്കുള്ളിൽ ഗസറ്റ് പരസ്യത്തിന് ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ചുകൊടുക്കുന്നുണ്ട്. |

(മറുപുറം)

| | |
|---|---|
| (ഡി) ഗസറ്റ് പരസ്യത്തിന് തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ചുകൊടുക്കാൻ ബാക്കിയുള്ള എത്ര അപേക്ഷകൾ കാസർഗോഡ് താലൂക്ക് ഓഫീസിൽ കെട്ടിക്കിടക്കുന്നുണ്ട് ; | (ഡി) 60(അറുപത്) അപേക്ഷകൾ |
| (ഇ) അവ ഏതൊക്കെ തീയതികളിൽ ലഭിച്ചതാണെന്നും കാലതാമസത്തിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ ? | (ഇ) 2.4.2012 മുതൽ 30.6.2012 വരെ ലഭിച്ച അപേക്ഷകളാണ് ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കാൻ ബാക്കിയുള്ളത്. ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിച്ചതിനുശേഷം ആയത് ഗസറ്റ് പരസ്യത്തിനായി ഗവ.പ്രസ്സിലേയ്ക്ക് അയയ്ക്കുന്നതിന് മുന്നോടിയായി വിശദമായ അന്വേഷണം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാനുള്ളതിനാലാണ് കാലതാമസമുണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ